കോർപ്പറേഷന്റെ തുടക്കം മുതൽ 2013-14 കാലഘട്ടം വരെ സംഭരിച്ച 1316.34 കോടി രൂപയുടെ മരുന്നുകളിൽ (0.42%) 5.59 കോടി രൂപയുള്ള മരുന്നുകളാണ് കാലാവധി കഴിഞ്ഞ് ഉപയോഗശൂന്യമായിരിക്കുന്നത്. എന്നിരുന്നാലും മരുന്നുകൾ ഉപയോഗശൂന്യമായി നശിക്കുന്നതിന്റെ തോത് കുറയ്ക്കുവാനുള്ള നടപടികൾ കോർപ്പറേഷൻ സംഭരണ/വിതരണ സംവിധാനത്തിൽ സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷൻ മരുന്ന സംഭരണ വിതരണത്തിനായി നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്വെയർ ഓൺലൈൻ ആക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മരുന്നുകളുടെ വാർഷിക ഇൻഡന്റ് തയ്യാറാക്കുന്നതിൽ അതീവ ശ്രദ്ധ ചെലുത്തണമെന്നും ഇൻഡന്റിനനുസരിച്ച് സംഭരിക്കുന്ന മരുന്നുകൾ യഥാസമയം കൈപ്പറ്റണമെന്നുമുള്ള നിർദ്ദേശം ആശുപത്രികൾക്ക് നൽകണമെന്നും സംസ്ഥാന ആരോഗ്യ വകുപ്പിനോടും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനോടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ - മരുന്ന വിതരണം

7 (714) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മരുന്ന വിതരണം ചെയ്തയിനത്തിൽ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ കമ്പനികൾക്ക് നൽകേണ്ട കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഈ സാമ്പത്തിക വർഷം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എത്ര തുകയുടെ മരുന്നുകൾക്ക് ഓർഡർ നൽകിയിട്ടുണ്ട്, എന്നാണ് ഓർഡർ നൽകിയത് ;

(സി) അതിൻപ്രകാരം മരുന്നുകൾ ലഭിച്ചുവോയെന്നും അവയുടെ വിതരണം ആവശ്യാനുസരണം നടത്താൻ കഴിഞ്ഞുവോയെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) മരുന്ന വിതരണം ചെയ്തയിനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കമ്പനികൾക്ക് നൽകേണ്ട തുകയുടെ വിശദാംശം അനുബന്ധം-I ആയി ചേർക്കുന്നു*

(ബി) ഈ സാമ്പത്തിക വർഷം കോർപ്പറേഷൻ നാളിതുവരെ (25-11-2014) നൽകിയ പർച്ചേസ് ഓർഡറുകളുടെ വിശദാംശം അനുബന്ധം-II ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷൻ മേയ്-ജൂൺ മാസങ്ങളിൽ നൽകിയ ഓർഡർ പ്രകാരമുള്ള മരുന്നുകളിൽ ഏറിയ പങ്കും എത്തിക്കഴിഞ്ഞു. അവ ആവശ്യമനുസരിച്ച് ആശുപത്രികൾക്ക് വിതരണം നടത്തിവരുന്നു. തുടർന്ന് നൽകിയ മറ്റ ഓർഡറുകളിന്മേലുള്ള വിതരണം നടന്നുകൊണ്ടിരിക്കുന്നു. വിതരണക്കാരെ ലഭിക്കാതിരുന്ന 105 ഇനം മരുന്നുകളും വിതരണത്തിൽ വീഴ്ച വരുത്തിയ ചില മരുന്നുകളും ഒഴികെ മറ്റ മരുന്നുകൾ നിലവിൽ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. കോർപ്പറേഷനിലൂടെ ലഭ്യമല്ലാത്ത മരുന്നുകൾക്ക് നോൺ അവയ്ലബിലിറ്റി സർട്ടിഫിക്കറ്റ് നൽകി ആശുപത്രി തലത്തിൽ തന്നെ വാങ്ങി വിതരണം ചെയ്യുന്നതിനും വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്.

മെഡിക്കൽ ലാബുകൾ

8 (715) ശ്രീ. സാജു പോൾ :
ശ്രീ. എ. എം. ആരിഫ് :
ഡോ. കെ. ടി. ജലീൽ :
ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ ലാബുകളിൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ അറിയിക്കുമോ ;

(ബി) ഇത്തരം സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) സ്ഥാപനങ്ങളെ നിയന്ത്രിക്കാനായി നിയമനിർമ്മാണം നടത്തുമെന്ന ഉറപ്പ് പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ ; കാരണം അറിയിക്കുമോ ?

ഉത്തരം

(എ) ആരോഗ്യ വകുപ്പ് പ്രൈവറ്റ് മെഡിക്കൽ ലാബുകളിൽ നടത്തിയ പരിശോധനയിൽ ചില മെഡിക്കൽ ലാബുകൾക്ക് ലൈസൻസ് ഇല്ല എന്നും ചിലതിൽ അടിസ്ഥാന യോഗ്യത ഇല്ലാത്ത ചില ഉദ്യോഗസ്ഥൻമാർ ജോലി ചെയ്യുന്നുവെന്നും ചില ലാബുകൾ അടിസ്ഥാന സൗകര്യം ഇല്ലാത്തവയാണെന്നും ചിലയിടങ്ങളിലുള്ള ഉപകരണങ്ങൾ പ്രവർത്തനക്ഷമമല്ലെന്നും ചിലയിടങ്ങളിൽ മാലിന്യ സംസ്കരണ സംവിധാനം ആവശ്യത്തിനില്ലെന്നും ചില ഇടങ്ങളിൽ അണുവിമുക്തി വരുത്താത്ത ഉപകരണങ്ങൾ ഉപയോഗിക്കുന്നുവെന്നും കണ്ടെത്തി

LIBRARY ARCHIVES Kerala Legislative Assembly